**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3896** **17-03-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ഉണ്ടെന്നും ഈ സ്റ്റേഷനുകൾ സ്ഥാപിച്ച വർഷവും വ്യക്തമാക്കാമോ; | (എ) | കാസർഗോഡ് - 1981<br>കാഞ്ഞങ്ങാട് -1999<br>തൃക്കരിപ്പൂർ - 2002<br>ഉപ്പള -2010<br>കുറ്റിക്കോൽ -2011 എന്നീ വർഷങ്ങളിൽ സ്ഥാപിക്കപ്പെട്ട 5 സ്റ്റേഷനുകളാണുള്ളത്. |
| (ബി) | അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ പ്രസ്തുത സ്റ്റേഷനുകൾ നേരിടുന്ന പരിമിതികളും പ്രയാസങ്ങളും സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ; | (ബി) | **1.ഉപ്പള ഫയർ സ്റ്റേഷൻ**<br>പുതിയ കെട്ടിടത്തിന്റെ നിർമാണം പൂർത്തിയാകുന്നതോടെ നിലവിലുള്ള പരിമിതികൾ പരിഹരിക്കപ്പെടുന്നതാണ്.<br>**2.കാസർഗോഡ് ഫയർ സ്റ്റേഷൻ**<br>നിലവിലുള്ള കെട്ടിടത്തിന് കാലപ്പഴക്കത്താൽ ബലക്ഷയം സംഭവിച്ചിട്ടുണ്ട്. കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതോടെ ഈ പരിമിതി പരിഹരിക്കപ്പെടുന്നതാണ്.<br>**3.**കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, കുറ്റിക്കോൽ എന്നീ സ്റ്റേഷനുകളിൽ അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ പ്രയാസങ്ങൾ ഇല്ല . |
| (സി) | നിലവിൽ ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവം ഉണ്ടോയെന്ന് സ്റ്റേഷൻ തിരിച്ച വ്യക്തമാക്കാമോ; | (സി) | ജീവനക്കാരുടെ സ്റ്റേഷൻ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തുന്നതിന് പി എസ് സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് . |

| | | | |
|---|---|---|---|
| (ഡി) | കാസർഗോഡ് ബദിയടുക്കയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ ആലോചന ഉണ്ടായിരുന്നോയെന്നും അതിനായി സ്ഥലം കണ്ടെത്തിയിരുന്നോയെന്നും അതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ? | (ഡി) | അനുമതി നൽകിയിട്ടുള്ള ഫയർ സ്റ്റേഷനുകൾ ആരംഭിച്ച ശേഷം ആവശ്യകതയും മുൻഗണനയും വിലയിരുത്തി പുതിയവയ്ക്കുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാമെന്നതാണ് നിലവിൽ തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം. | സ്റ്റേഷൻ | ഫയർ & റെസ്ക്യൂ ഓഫീസർ (ഡ്രൈവർ) | | ഫയർ & റെസ്ക്യൂ ഓഫീസർ | |
|---|---|---|---|---|---|
| | | അനുവദിച്ച തസ്തിക | നിലവിലുള്ള ഒഴിവ് | അനുവദിച്ച തസ്തിക | നിലവിലുള്ള ഒഴിവ് |
| 1 | കാസർഗോഡ് | 7 | 1 | 28 | 3 |
| 2 | കാഞ്ഞങ്ങാട് | 7 | 0 | 24 | 4 |
| 3 | തൃക്കരിപ്പൂർ | 7 | 3 | 24 | 5 |
| 4 | കുറ്റിക്കോൽ | 6 | 2 | 15 | 2 |
| 5 | ഉപ്പള | 6 | 1 | 15 | 2 |